പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *288 12.12.2014 ലെ മറുപടിയ്ക്ക്

## കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിലെ മേളകളും പ്രദർശനങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. ഹംസ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.ബി.സത്യൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കാറുണ്ടോ; | (എ) ഉണ്ട്. കൃഷി വകുപ്പും ത്രിതല പഞ്ചായത്തുകളും സംയുക്തമായും സംഘടിപ്പിക്കാറുണ്ട്. |
| (ബി) ഇവ നടത്തുന്നതിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നത് എന്നറിയിക്കാമോ; | (ബി) കൃഷിവിജ്ഞാന വ്യാപനം ശാക്തീകരണം എന്ന പദ്ധതിയിൽ നിന്നും ഇതിനായി ഫണ്ട് കണ്ടെത്തുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ ആത്മ പദ്ധതിയിൽ ജില്ലാ മേളകൾ സംഘടിപ്പിക്കുന്നതിനായി 4.0 ലക്ഷം രൂപ വീതം ലഭ്യമാണ്. |
| (സി) വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത ആവശ്യത്തിലേക്കായി പണം പിരിക്കാറുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) വിവിധ സ്ഥാപനങ്ങൾ മേളകളിൽ പങ്കെടുക്കാറുണ്ട്. അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ചെലവിനായി തുക സംഘാടകർ സ്വരൂപിക്കുന്നുണ്ട്. |
| (ഡി) ഇത്തരത്തിൽ തുക ആവശ്യപ്പെട്ടുകൊണ്ട് വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി കത്തിടപാട് നടത്തിയിട്ടുണ്ടോ; ഇത് ഏതു ചട്ടപ്രകാരമാണെന്ന് അറിയിക്കാമോ? | (ഡി) ഉണ്ട്. ത്രിതല പഞ്ചായത്തുകൾ നടത്തുന്നതും കൃഷി വകുപ്പ് നേരിട്ട് നടത്തുന്നതുമായ കാർഷിക മേളകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സഹായം നല്കുന്നതിന് കൂടിച്ചേർന്ന യോഗതീരുമാന പ്രകാരം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ